"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

നികുതിവകുപ്പ് -എക്സൈസ് -ഭരണപരം-15 വർഷത്തിലധികം പഴക്കമുള്ള 3 വാഹനങ്ങൾ സ്ക്രാപ് ചെയ്തു പുതിയ ഒരു വാഹനം സ്പെഷ്യൽ ഫെസിലിറ്റിയിൽ ഉൾപ്പെടുത്തി വാങ്ങുന്നതിന് -അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**നികുതി(എഫ് )വകുപ്പ്**

**സ.ഉ.(സാധാ) നം.189/2026/TAXES തീയതി, തിരുവനന്തപുരം, 16-02-2026**

---

പരാമർശം:-
1. 18.03.2025-ലെ സ.ഉ.(പി)നം. 27/2025/ധന.
2. എക്സൈസ് കമ്മീഷണറുടെ 24.09.2025-ലെ ഇ.എക്സ്.സി/4830/2025-എക്സ്.ജി1ബി നമ്പർ കത്ത്.

**ഉത്തരവ്**

പതിനഞ്ച് വർഷത്തിലധികം പഴക്കമുള്ള സർക്കാർ വാഹനങ്ങൾ **MSTC/NIC/GeM** പ്ലാറ്റ്ഫോമുകൾ വഴി **e-auction** നടപടിക്രമം പാലിച്ച് **Registered Vehicle Scrapping Facility (RVSF)** മുഖേന സ്ക്രാപ്പിംഗിനായി ലേലം ചെയ്യുന്നതിനും, ഇപ്രകാരം ലേലംചെയ്ത് വാഹനങ്ങളുടെ സർട്ടിഫിക്കറ്റ് ഓഫ് ഡെപ്പോസിറ്റ് **(COD)** ഹാജരാക്കിയാൽ മൂന്ന് വാഹനങ്ങൾക്ക് ഒന്ന് എന്ന കണക്കിൽ വാഹനം വാങ്ങുന്നതിനുള്ള അനുമതി നൽകുമെന്നും പരാമർശം (1) പ്രകാരം ഉത്തരവായിട്ടുണ്ട്.

2. കോഴിക്കോട് എക്സൈസ് റേഞ്ച് ഓഫീസിലെ **KL-01 AX-1961**, നാദാപുരം എക്സൈസ് റേഞ്ച് ഓഫീസിലെ **KL-01 AX-1876**, വയനാട് ഡിവിഷനിലെ സുൽത്താൻ ബത്തേരി എക്സൈസ് റേഞ്ച് ഓഫീസിലെ **KL-01 AT-9956** എന്നീ വാഹനങ്ങൾ (മഹീന്ദ്ര ജീപ്പുകൾ) കണ്ടം ചെയ്യുകയും, **KL-01 AX-1961-BG00379, KL-O1 AX-1876-BG00375, KL-01 AT-9956-BG00105** എന്നിവ പ്രകാരം രജിസ്റ്റർ ചെയ്ത് വെഹിക്കിൾ സ്ക്രാപ്പിംഗ് ഫെസിലിറ്റി **(RVSF)** വഴി ലേലംചെയ്ത് വാഹനങ്ങളുടെ സർട്ടിഫിക്കറ്റ് ഓഫ് ഡെപ്പോസിറ്റ് **(COD)** ലഭ്യമാകുകയും ചെയ്തിട്ടുണ്ടെന്നും, വാഹനങ്ങളുടെ ഡീറ്റെയിൽസ് വീൽസ്

സോഫ്റ്റ് വെയറിൽ രേഖപ്പെടുത്തിയിട്ടുള്ളതാണെന്നും, അതിനാൽ പരാമർശം (1)പ്രകാരം, ലേലം ചെയ്ത് നടപടികൾ പൂർത്തിയാക്കി സർട്ടിഫിക്കറ്റ് ഓഫ് ഡെപ്പോസിറ്റ് (COD) ഹാജരാക്കിയ ടി മൂന്നു വാഹനങ്ങൾക്കു പകരം ഒരു പുതിയ വാഹനം വാങ്ങുന്നതിനും, അതിനായി തുക അനുവദിക്കുന്നതിനുമായി പരാമർശം (2) പ്രകാരം എക്സൈസ് കമ്മീഷണർ അപേക്ഷ സമർപ്പിക്കുകയുണ്ടായി.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കോഴിക്കോട് എക്സൈസ് റേഞ്ച് ഓഫീസിലെ KL-01 AX-1961, നാദാപുരം എക്സൈസ് റേഞ്ച് ഓഫീസിലെ KL-01 AX-1876, വയനാട് ഡിവിഷനിലെ എക്സൈസ് റേഞ്ച് ഓഫീസ് സുൽത്താൻ ബത്തേരിയിലെ KL-01 AT-9956 എന്നീ വാഹനങ്ങൾക്കു പകരമായി 10 ലക്ഷത്തിൽതാഴെ വിലയുള്ള ഒരു വാഹനം പരാമർശം (1) പ്രകാരമുള്ള സ്പെഷ്യൽ ഫെസിലിറ്റിയിൽ ഉൾപ്പെടുത്തി 5475-00-800-74-00-21-01-PV ശീർഷകത്തിൽനിന്നും തുക ചെലവഴിച്ചു വാങ്ങുന്നതിന് അനുമതി നൽകി ഇതിനാൽ ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

പ്രമോദ് എം വി

അഡിഷണൽ സെക്രട്ടറി

1.എക്സൈസ് കമ്മീഷണർ,തിരുവനന്തപുരം

2.അക്കൗണ്ടന്റ് ജനറൽ (എ&ഇ,ആഡിറ്റ് -ഇ.ആർ.എസ്.എ.) കേരളം, തിരുവനന്തപുരം

3.ധനകാര്യ വകുപ്പ് (3375986/EXP-B1/1/2026-FIN dated 30.01.2026 പ്രകാരം)

4.വെബ് &ന്യൂ മീഡിയ (സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)

5.കരുതൽ ഫയൽ /ഓഫീസ് കോപ്പി (F3/351/2025-TAXES).

ഉത്തരവിൻ പ്രകാരം

Signed by

Vivil Kumar

സെക്ഷൻ ഓഫീസർ

Date: 16-02-2026 18:25:31